**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – അരീക്കോട് ഉപജില്ലാ കലോത്സവം - സംഘാടന ചെലവുകൾക്കായി ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും സംഭാവന- യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.548/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 27/02/2017

---

പരാമർശം:- 1) അരീക്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/11/2016 ലെ കത്ത്.

2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

2016-17 വർഷത്തെ അരീക്കോട് ഉപജില്ലാ കലോത്സവം 2016 നവംബർ 29,30 തീയതികളിൽ ചുണ്ടത്തുപൊയിൽ ഗവ. യു.പി. സ്കൂളിൽ വച്ച് നടന്നുവെന്നും ആയതിലേക്കുള്ള സംഘാടന ചെലവുകൾക്കായി അരീക്കോട് സബ് ജില്ലയുടെ പരിധിയിൽ വരുന്ന അരീക്കോട്, കാവനൂർ, ഊർങ്ങാട്ടിരി, കീഴുപറമ്പ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും 25000/- രൂപ യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016-17 വർഷത്തെ അരീക്കോട് ഉപജില്ലാ കലോത്സവത്തിന് അരീക്കോട് സബ് ജില്ലയുടെ പരിധിയിൽ വരുന്ന അരീക്കോട്, കാവനൂർ, ഊർങ്ങാട്ടിരി, കീഴുപറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 25000/- (ഇരുപത്തി അയ്യായിരം) രൂപ സംഭാവന നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപജില്ലാ കലോത്സവ ജനറൽ കൺവീനർ വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എസ്.ഡി. സുനിൽകുമാർ

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

ജനറൽ കൺവീനർ, അരീക്കോട് ഉപജില്ലാ കലോത്സവ കമ്മിറ്റി, മലപ്പുറം.

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.